കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ:B2/132/2025-SEC-Part(2) തീയതി: **13-11-2025**

**<u>സർക്കുലർ</u>**

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതു തിരഞ്ഞെടുപ്പ് 2025 - നാമനിർദ്ദേശ പത്രികകളുടെ സമർപ്പണം, സൂക്ഷ്മ പരിശോധന, സ്ഥാനാർത്ഥികൾ സമർപ്പിക്കുന്ന നിക്ഷേപ തുക സ്വീകരിക്കൽ, മടക്കി നൽകൽ - മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- കമ്മീഷന്റെ 10.11.2025-ലെ B2/132/2025/SEC-Part(1) നമ്പർ കത്ത്.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പ് 2025 ഡിസംബർ 09, 11 തീയതികളിൽ നടത്താൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ നാമനിർദ്ദേശ പത്രികകളുടെ സമർപ്പണവും സൂക്ഷ്മപരിശോധനയും സംബന്ധിച്ച് ചുവടെ പരാമർശിക്കുംവിധമുള്ള നടപടിക്രമങ്ങൾ വരണാധികാരികൾ/ഉപവരണാധികാരികൾ കൈക്കൊള്ളുന്നതിന് നിർദ്ദേശിക്കുന്നു.

1. **2025 നവംബർ 14**-ന് വരണാധികാരികൾ ഓരോ വാർഡിന്റേയും ഫാറം 1-ലെ തിരഞ്ഞെടുപ്പ് നോട്ടീസ് കമ്മീഷന്റെ https://www.sec.kerala.gov.in എന്ന വെബ് സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് അതാത് വാർഡുകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.
2. **2025 നവംബർ 14-ന് തിരഞ്ഞെടുപ്പ് നോട്ടീസ് (ഫാറം 1) പുറപ്പെടുവിച്ചതിന് ശേഷം നവംബർ 21 വരെ രാവിലെ 11 മണിക്കും ഉച്ചകഴിഞ്ഞ് 3 മണിക്കും ഇടയ്ക്കുള്ള സമയത്ത് വരണാധികാരികൾ/ഉപവരണാധികാരികൾ നാമനിർദ്ദേശ പത്രിക സ്വീകരിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.**
3. വരണാധികാരികളും ഉപവരണാധികാരികളും തങ്ങൾക്ക് ലഭിക്കുന്ന ഓരോ നാമനിർദ്ദേശ പത്രികയിലും ക്രമമായി നമ്പർ രേഖപ്പെടുത്തേണ്ടതും പത്രികയുടെ പുറത്ത് സ്വീകരിക്കുന്ന സമയം രേഖപ്പെടുത്തേണ്ടതുമാണ്. ഒരു സ്ഥാനാർത്ഥി ഒന്നിലധികം പത്രികകൾ സമർപ്പിച്ചാലും അവയ്ക്ക് നമ്പർ നൽകേണ്ടതാണ്.
4. ഓരോ ദിവസവും വരണാധികാരിക്കും ഉപവരണാധികാരിക്കും ലഭിക്കുന്ന എല്ലാ നാമനിർദ്ദേശ പത്രികകളുടെയും ലിസ്റ്റ് ഫാറം N3 യിൽ പ്രസിദ്ധീകരിക്കണം. കൂടാതെ സ്ഥാനാർത്ഥികൾ സമർപ്പിക്കുന്ന 2A ഫാറത്തിന്റെ പകർപ്പും പ്രസിദ്ധീകരിക്കേണ്ടതാണ്.
5. നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കുന്നതിന് വരുന്ന സ്ഥാനാർത്ഥികൾക്കോ ഏജന്റുമാർക്കോ വരണാധികാരിയുടെ / ഉപവരണാധികാരിയുടെ ഓഫീസ് പരിസരത്ത് നിന്നും 100 മീറ്ററിനകത്ത് മൂന്ന് വാഹനം മാത്രമേ അനുവദിക്കാൻ പാടുള്ളൂ.
6. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്ന വേളയിൽ വരണാധികാരിയുടെ / ഉപവരണാധികാരിയുടെ ഓഫീസിനുള്ളിൽ സ്ഥാനാർത്ഥിയടക്കം 5 പേരെ മാത്രമേ

പ്രവേശിപ്പിക്കാൻ പാടുള്ളൂ.

7. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള സ്ഥലത്തും സമയത്തും വരണാധികാരി വേണം നടത്തേണ്ടത്. ഒഴിവാക്കാനാകാത്ത സാഹചര്യമുണ്ടെങ്കിൽ മാത്രം വരണാധികാരിക്ക് ഇതിലേക്ക് ഒരു ഉപവരണാധികാരിയെ ചുമതലപ്പെടുത്താവുന്നതാണ്.
8. സൂക്ഷ്മ പരിശോധനാ വേളയിൽ സ്ഥാനാർത്ഥി, നിർദ്ദേശകൻ, തിരഞ്ഞെടുപ്പ് ഏജന്റ്, സ്ഥാനാർത്ഥി രേഖാമൂലം അധികാരപ്പെടുത്തുന്ന ഒരാൾ എന്നിവർക്ക് മാത്രമേ പ്രവേശനം അനുവദിക്കാൻ പാടുള്ളൂ. എല്ലാ സ്ഥാനാർത്ഥികളുടെയും നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള ന്യായമായ എല്ലാ സൗകര്യങ്ങളും വരണാധികാരി നൽകേണ്ടതുമാണ്.
9. സ്ഥാനാർത്ഥികൾ നാമനിർദ്ദേശ പത്രികയോടൊപ്പം കെട്ടിവയ്ക്കേണ്ട തുക അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടവാക്കി അതിന്റെ രസീത് പത്രികയോടൊപ്പം വരണാധികാരിയ്ക്ക് സമർപ്പിക്കാവുന്നതാണ്. പണം നേരിട്ട് വരണാധികാരിയുടെപക്കൽ ഏൽപ്പിച്ചും ട്രഷറിയിൽ അടവാക്കിയും തുക നിക്ഷേപിക്കാവുന്നതാണ്.
10. സ്ഥാനാർത്ഥികൾ നാമനിർദ്ദേശ പത്രികയോടൊപ്പം കെട്ടിവയ്ക്കേണ്ട തുക ട്രഷറിയിൽ അടവാക്കുന്നത് സംബന്ധിച്ച് താഴെ പറയുംപ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

I. <u>**സ്ഥാനാർത്ഥി ട്രഷറിയിൽ നേരിട്ട് നിക്ഷേപ തുക ഒടുക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ**</u>

1. സ്ഥാനാർത്ഥികൾ ട്രഷറിയിൽ നേരിട്ട് തുക ഒടുക്കുന്ന സംഗതിയിൽ, ഡി.ഡി.ഒ കോഡ് ഉൾപ്പടെയുള്ള വിവരങ്ങൾ ചലാനിൽ (ഫാറം TR 12) രേഖപ്പെടുത്തി പ്രസ്തുത ചലാൻ വരണാധികാരി കൗണ്ടർ സൈൻ ചെയ്തത് ട്രഷറി കൗണ്ടറിൽ സമർപ്പിക്കേണ്ടതാണ്.
2. പണം ട്രഷറിയിൽ സ്വീകരിച്ചതായിട്ടുള്ള രേഖപ്പെടുത്തൽ വരുത്തി ട്രഷറി സീൽ പതിപ്പിച്ച് ചലാന്റെ പകർപ്പ് (ഒറിജിനൽ ഭാഗം) തുക അടവാക്കിയ വ്യക്തിക്ക് തിരികെ ട്രഷറിയിൽ നിന്നും നൽകുന്നതാണ്.
3. www.etreasury.kerala.gov.in എന്ന ട്രഷറി വെബ് സൈറ്റ് വഴി (Net banking, Card payment, UPI, QR code മുഖേന) ഓൺലൈൻ ആയും, പ്രസ്തുത വെബ് സൈറ്റ് വഴി തന്നെ മാന്വൽ ഓപ്ഷൻ സെലക്ട് ചെയ്ത് ചലാൻ ജനറേറ്റ് ചെയ്ത് ട്രഷറി കൗണ്ടർ വഴിയും തുക ഒടുക്കാവുന്നതാണ്.

II. <u>**നിക്ഷേപ തുക വരണാധികാരി നേരിട്ട് കൈപ്പറ്റി ആയത് ട്രഷറിയിൽ ഒടുക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ**</u>

1. സ്ഥാനാർത്ഥികൾ നാമനിർദ്ദേശപത്രികയ്ക്കൊപ്പം നിക്ഷേപ തുക പണമായിട്ടാണ്

നൽകുന്നതെങ്കിൽ വരണാധികാരി eTR5 വെബ് സൈറ്റിൽ (www.etr5.treasury.kerala.gov.in) login ചെയ്ത് "TR5 Demand menu" മുഖേന രസീത് ജനറേറ്റ് ചെയ്ത് പ്രസ്തുത രസീതിന്റെ കോപ്പി ബന്ധപ്പെട്ട സ്ഥാനാർത്ഥിക്ക് നൽകേണ്ടതാണ്. ഇപ്രകാരം വിവിധ സ്ഥാനാർത്ഥികളിൽ നിന്നും സ്വീകരിക്കുന്ന തുക eTR5-ലെ തന്നെ Menu വഴി "Pay-in-Siip" ജനറേറ്റ് ചെയ്ത് തുക ട്രഷറിയിൽ അടവാക്കാവുന്നതാണ്.

2. eTR5 വെബ് സൈറ്റിൽ തന്നെ ഓൺലൈൻ (UPI/QR Code) ആയും തുക അടവാക്കാനുള്ള സൗകര്യവും നിലവിലുണ്ട്. അപ്രകാരം തുക അടവാക്കുമ്പോൾ ലഭിക്കുന്ന ചലാന്റെ കോപ്പി രസീത് ആയി സ്ഥാനാർത്ഥിക്ക് നൽകേണ്ടതാണ്.

## III. <u>നിക്ഷേപ തുക റീഫണ്ട് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ</u>

1. വരണാധികാരി ട്രഷറിയിൽ സമർപ്പിക്കുന്ന റീഫണ്ട് ഉത്തരവിൽ ചലാൻ തുക, ചലാൻ തീയതി, ചലാൻ നമ്പർ, തുക അടവാക്കിയ ശീർഷകം, ഗുണഭോക്താവിന്റെ പേര്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ (അക്കൗണ്ട് നമ്പർ, IFSC ഉൾപ്പെടെ) എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

2. ചലാൻ മുഖാന്തരം ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികളുടെ നിക്ഷേപ തുക അടവാക്കിയിട്ടുണ്ടെങ്കിൽ റീഫണ്ട് തുക കിഴിച്ചിട്ടുള്ള ബാക്കി തുക എത്രയാണെന്ന് കൂടി റീഫണ്ട് ഉത്തരവിൽ വ്യക്തമാക്കേണ്ടതാണ്.

3. റീഫണ്ട് ഉത്തരവ് ട്രഷറിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് BIMS ആപ്ലിക്കേഷനിൽ ചേർത്ത് നൽകുകയും തുടർന്ന് വരണാധികാരിക്ക് റീഫണ്ട് ബിൽ ജനറേറ്റ് ചെയ്യാവുന്നതുമാണ്.

4. ബിൽ ഇ-സബ്മിറ്റ് ചെയ്ത ശേഷം ഫിസിക്കൽ ബിൽ ട്രഷറിയിൽ സമർപ്പിക്കേണ്ടതും ട്രഷറിയിൽ നിന്ന് ബിൽ പാസ്സാക്കുന്ന മുറയ്ക്ക് പ്രസ്തുത തുക വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നതുമാണ്.

**<u>ശീർഷകങ്ങൾ</u>**

1. 8443-00-121-94 - Deposits made by candidates for Panchayaths
2. 8443-00-121-95 - Deposits made by candidates for Municipalities

Signed by
Prakash B S
Date: 13-11-2025 19:16:56

PRAKASH.B.S
SECRETARY

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും

എല്ലാ വരണാധികാരികൾക്കും/ഉപവരണാധികാരികൾക്കും

പകർപ്പ് :

1. എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും
2. എല്ലാ ജില്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർക്കും
3. എല്ലാ നോഡൽ ഓഫീസർമാർ, സെക്ഷനുകൾക്കും
4. പി.ആർ.ഒ, സം.തി.ക
5. സ്റ്റാന്റിംഗ് കൗൺസിൽ
6. ഐ.ടി സെൽ
7. കമ്മീഷണറുടെ പി.എസ്/സെക്രട്ടറിയുടെ സി.എ
8. കരുതൽ/ഫയൽ